പ്രിയപ്പെട്ട രാംകുമാറിന്,

കോയമ്പത്തൂർ ആര്യ വൈദ്യ ഫർമസിയുടെ എല്ലാം എല്ലാം ആയിരുന്ന അങ്ങയുടെ അമ്മാവനും, എന്റെ അടുത്ത സുഹൃത്തും ആയിരുന്ന ശ്രീ. പി. ആർ. കൃഷ്ണകുമാറിന്റെ നിര്യാണത്തിൽ ഷൊർണുർ കേരളീയ ആയുർവേദ സമാജത്തിന്റെയും, സ്ഥാപനത്തിലെ ജീവനക്കാരുടെയും, വ്യക്തിപരമായി എന്റെയും അനുശോചനം അറിയിക്കുന്നു.

കേരളീയ ആയുർവേദ സമാജത്തിനും പി. എൻ. എൻ. എം. ആയുർവേദ മെഡിക്കൽ കോളേജിനും നികത്താൻ ആവാത്ത നഷ്ടമാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ സംഭവിച്ചത്.

കോയമ്പത്തൂർ ആര്യ വൈദ്യ ഫർമസി അത്യുന്നതിയിൽ എത്തിച്ച അദ്ദേഹത്തിന്റെ നേതൃപാഠവം, കുശാഗ്രബുദ്ധി, ആരെയും ആകർഷിക്കത്തക്കതായ ആകാരം , സൗമ്യമായ സംഭാഷണം , തുടങ്ങിയ ഒട്ടനവധി ഗുണങ്ങൾ ഉള്ള ശ്രീ. പി. ആർ. കൃഷ്ണകുമാർ നേതൃത്വം കൊടുത്ത ആ സ്ഥാപനം ഭംഗിയായി കൊണ്ട് നടക്കുവാൻ അങ്ങേയ്ക്ക് കഴിയുമാറാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

കൃഷ്ണകുമാറിന്റെ ആത്മാവിന് നിത്യശാന്തി നേർന്നു കൊണ്ട് നിർത്തുന്നു.

സസ്നേഹം,

എം മുരളീധരൻ

Scanned with CamScanner